# 2023-DST—ദൂത് ഒന്ന്—നല്ലദേശത്തിനുവേണ്ടി യുദ്ധം ചെയ്യുക

## I. നല്ലദേശത്തിനു വേണ്ടിയുള്ള യുദ്ധം—യോശു. 1:2-6, 13

**A.** നല്ലദേശം കൈവശപ്പെടുത്തുന്നതിൽനിന്നും ആസ്വദിക്കുന്നതിൽനിന്നും നമ്മെ സാത്താൻ തടസ്സപ്പെടുത്തുന്നു

**B.** പഴയനിയമത്തിലെ എല്ലാ യുദ്ധങ്ങളും നല്ലദേശത്തെ സംബന്ധിച്ചായിരുന്നു

## II. കനാന് മുൻകുറിശാസ്ത്രത്തിൽ രണ്ടുവിധത്തിലുള്ള സൂചിതാർഥം ഉണ്ട്—കൊലൊ. 1:12; എഫെ. 1:3;

**അനുലോമവശം**

**A.** തന്റെ അപ്രമേയ ധനത്തോടുകൂടെയുള്ള സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു

- ക്രിസ്തുവിന്റെ ആത്യന്തിക മുൻകുറി
- എല്ലാവരും എല്ലാവരിലുമായ, നമുക്ക് സകലവുമായ ക്രിസ്തു
- ദേശം ക്രിസ്തുവിന്റെ ഒരു പ്രതീകം (ഉല്പത്തി 1-ൽ മൂന്നാം ദിവസം മരണജലത്തിൽനിന്നും പുറത്തുവന്ന ഭൂമി — പുതിയ നിയമത്തിൽ മൂന്നാം ദിവസം മരണത്തിൽനിന്നു പുറത്തുവന്ന ഉയിർത്തെഴുന്നേറ്റ ക്രിസ്തു)

**പ്രതിലോമവശം**

**B.** സാത്താന്റെ ഇരുണ്ട രാജ്യത്തിന്റെ വായുമണ്ഡല ഭാഗം, സ്വർഗീയ ഭാഗം, സാത്താന്യ ശക്തികൾ നിറഞ്ഞ സ്വർഗീയങ്ങൾ

- അവർ ജനത്തിൽനിന്നും ക്രിസ്തുവിന്റെ സർവാത്മകതയെ മറച്ചുകൊണ്ടിരിക്കുന്നു
- സ്വർഗീയങ്ങളിൽ ഏറ്റവും ഉന്നത തട്ടായ മൂന്നാം സ്വർഗത്തിലുള്ള ക്രിസ്തുവിനെ സ്വീകരിക്കുന്നതിൽ നിന്നും ബന്ധപ്പെടുന്നതിൽനിന്നും താഴത്തെ തട്ടിലുള്ള സാത്താൻ ഭൂമിയിലെ ജനത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നു.
-

## III. വിവിധ ജാതീയ ഗോത്രങ്ങൾ നമ്മുടെ സ്വാഭാവിക ജീവന്റെ വ്യത്യസ്ത വശങ്ങളെ സൂചിപ്പിക്കുന്നു—മത്താ. 16:23

A. ജാതീയ ഗോത്രങ്ങളുടെ ദേവന്മാർ (വിഗ്രഹങ്ങൾ), അവയുടെ പിന്നിലുള്ള ഭൂതങ്ങളോടുകൂടെ, ദുഷ്ടാത്മസേനയെ പ്രതിനിധീകരിക്കുന്നു

B. നമ്മുടെ സ്വാഭാവിക ജീവനു പിന്നിൽ ദുഷ്ടശക്തികളാണ്

C. നാം നമ്മുടെ സ്വാഭാവിക ജീവനെ വെറുക്കുകയും, അതിനെ പുറത്താക്കുവാൻ മനസ്സുള്ളവരായിരിക്കുകയും വേണം

D. നമ്മുടെ സ്വാഭാവിക ജീവനെ ദൈവം എന്നേക്കുമൊരിക്കലായി ഛേദിച്ചുകളയുകയില്ല

- ക്രമേണ, അല്പാല്പമായി, ദിവ്യജീവനിലുള്ള നമ്മുടെ വളർച്ചയുടെ തോതിനനുസരിച്ച് ദൈവം അതിനെ ഛേദിച്ചുകളയുന്നു
- നമ്മിലുള്ള ക്രിസ്തുവിന്റെ വളർച്ച നമ്മുടെ സ്വാഭാവിക ജീവനെ പകരംവയ്ക്കും

E. ജാതീയ ഗോത്രങ്ങളെ പുറത്താക്കുവാനും നശിപ്പിക്കുവാനുമായ് നാം മുൻകൈയെടുത്തുകൊണ്ട് ദൈവവുമായി സഹകരിക്കേണം

F. ക്രിസ്തു നമ്മിൽ എത്രയധികം വർധിക്കുന്നുവോ, അത്രയധികം നമ്മുടെ സ്വാഭാവിക ജീവനെ പുറത്താക്കുന്നതിൽ ദൈവവുമായി സഹകരിക്കുവാൻ നാം പ്രാപ്തരാകും.

## IV. സഭ, ഒരു സംഘാത യോദ്ധാവെന്ന നിലയിൽ ആത്മിക പോരാട്ടത്തിൽ ഏർപ്പെടണം— യോശു. 6:21

A. ആത്മികപോരാട്ടത്തിന്റെ ആവശ്യകത നാം തിരിച്ചറിയേണ്ടതാവശ്യമാണ്

B. കനാൻദേശം ഭൂതബാധിതരായ ജനത്തെയും, വിഗ്രഹാരാധനക്കാരെയും, അനാക്യമല്ലന്മാരെയും കൊണ്ട് നിറഞ്ഞിരുന്നു

C. ദേശം കൈവശമാക്കുവാനും മനുഷ്യവർഗം വെടിപ്പാക്കപ്പെടത്തക്കവണ്ണം അവിടെയുള്ള ജീവനുള്ള സകലത്തെയും നശിപ്പിക്കുവാനും ദൈവം യിസ്രായേൽമക്കളോട് കല്പിച്ചു

D. ക്രിസ്തുവിന്റെ അപ്രമേയധനം നേടുന്നതിന് നാം ആത്മിക ശത്രുക്കളെ ചതച്ചുകളയണം

E. യിസ്രായേലിന്റെ പോരാട്ടം ഭൂമിയിലെ ദൃശ്യമായ അരങ്ങിനു പിന്നിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അദൃശ്യമായ ആത്മികപോരാട്ടത്തെ ചിത്രീകരിക്കുന്നു

F. "സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾ"ക്കെതിരായി എല്ലാ അവയവങ്ങളും ഉൾപ്പെടെ സഭ മുഴുവനും ആത്മികമായ് പോരാടണം

G. നമുക്കും നല്ലദേശമായ ക്രിസ്തുവിനും ഇടയിൽ പൈശാചികവും സാത്താന്യവുമായ ശക്തികളുടെ ഒരു പാളി ഉണ്ട്. നമ്മുടെ ആസ്വാദനത്തിനുവേണ്ടി നാം നല്ലദേശം കൈവശമാക്കണമെങ്കിൽ, നാം ഈ സാത്താന്യ ശക്തികളെ പരാജയപ്പെടുത്തണം

- സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നേടുവാൻ നാം യുദ്ധം ചെയ്യണം
- ക്രിസ്തുവിന്റെ ശരീരമായ സഭ, ഒരു സംഘാത യോദ്ധാവ് ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ അധികമായി നേടുവാൻ കഴിയും